# ഒരുമയുടെയും കാരുണ്യത്തിന്റെയും പൊന്നോണം:
# വേൾഡ് മലയാളി ഫെഡറേഷൻ പത്താം വാർഷിക ഓണാഘോഷം പീസ് വാലിയിൽ നടന്നു

നോവിൻ വാസുദേവ്




കോതമംഗലം: വേൾഡ് മലയാളി ഫെഡറേഷൻ (WMF) പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഗ്ലോബൽ ചാരിറ്റി ഫോറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷം 2026 ഒക്ടോബർ 4-ന് കോതമംഗലത്തെ നെല്ലിക്കുഴി പീസ് വാലിയിൽ പ്രൗഢഗംഭീരമായി നടന്നു. ‘ഒന്നിച്ചൂട്ടാം, ഒന്നിച്ചുണ്ണാം ഈ ഓണം’ എന്ന സന്ദേശവുമായി പീസ് വാലിയിലെ അന്തേവാസികൾക്കൊപ്പം ചേർന്ന് നടത്തിയ ഈ ഒത്തുചേരൽ സ്നേഹത്തിന്റെയും പങ്കുവെക്കലിന്റെയും ഉദാത്ത മാതൃകയായി മാറി. ആഘോഷപരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ നിർവ്വഹിച്ചു. കാരുണ്യത്തിന്റെയും സമഗ്ര പരിചരണത്തിന്റെയും മാതൃകയായി പ്രവർത്തിക്കുന്ന പീസ് വാലി, അവശത അനുഭവിക്കുന്നവർക്ക് ആത്മവിശ്വാസവും അന്തസ്സും നല്കി അവരുടെ ജീവിതങ്ങളെ മാറ്റിമറിക്കുകയാണെന്ന് വേൾഡ് മലയാളി ഫെഡറേഷൻ (WMF) ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ പറഞ്ഞു.








ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കോതമംഗലം എംഎൽഎ ഷിബു തെക്കുംപുറം മുഖ്യപ്രഭാഷണം നടത്തി. പ്രവാസലോകത്തെ മനുഷ്യസ്നേഹികൾ കാരുണ്യത്തിന്റെ ഈ തണൽക്കൂട്ടായ്മയിലേക്ക് എത്തിച്ചേർന്നതിനെയും അന്തേവാസികൾക്കൊപ്പം ഓണം ആഘോഷിക്കാൻ മനസ്സ് കാണിച്ചതിനെയും അദ്ദേഹം പ്രകീർത്തിച്ചു. WMF ഗ്ലോബൽ പ്രസിഡണ്ട് ഡോ. ആനി ലിബു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. 170 രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള WMF പോലുള്ള ഒരു ആഗോള പ്രസ്ഥാനം പീസ് വാലിയുമായി കൈകോർക്കുമ്പോൾ, ഇവിടെ പ്രയാസമനുഭവിക്കുന്ന മനുഷ്യരുടെ കാര്യങ്ങൾ ലോകമെമ്പാടും എത്തിക്കാനും അവർക്ക് അർഹമായ ആനുകൂല്യങ്ങളും വലിയ പിന്തുണയും ഉറപ്പാക്കാനും സാധിക്കുമെന്ന് ഗ്ലോബൽ പ്രസിഡണ്ട് ഡോ. ആനി ലിബു പറഞ്ഞു. ഗ്ലോബൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റഫീക്ക് മരക്കാർ സ്വാഗതം പറഞ്ഞു.





മൂലൻസ് ഗ്രൂപ്പ് ചെയർമാൻ ഡോ. വർഗീസ് മൂലൻ മുഖ്യാതിഥികൾക്കൊപ്പം ആശംസകൾ നേർന്നു സംസാരിച്ചു. WMF ഗ്ലോബൽ ട്രഷറർ വി.എം. സിദ്ധിഖ്, ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാരായ ജെയ്സൻ കാളിയാനിൽ, ഏലിയാസ് ഇസഹാക്, ഗ്ലോബൽ ജോയിന്റ് സെക്രട്ടറിമാരായ ശ്രീമതി സിന്ധു സജീവ്, ഷിജോ തയ്യിൽ, ഗ്ലോബൽ ജോയിന്റ് ട്രഷറർ ബബിൻ ബാബു, ഗ്ലോബൽ വിമൻസ് ഫോറം കോ-ഓർഡിനേറ്റർ ശ്രീമതി വല്ലി ജോസ്, WMF ഏഷ്യാ റീജിയൻ പ്രസിഡണ്ട് ഫ്രാൻസ് മുണ്ടാടൻ, WMF കേരള സ്റ്റേറ്റ് കൗൺസിൽ പ്രസിഡണ്ട് ടി.ബി. നാസർ, പീസ് വാലി ചെയർമാൻ അബൂബക്കർ, ഡീക്കൺ ടോണി മേതല എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.




ഗ്ലോബൽ ചാരിറ്റി ഫോറം മുൻകൈയെടുത്ത് സംഘടിപ്പിച്ച ഈ ബൃഹത്തായ സംരംഭത്തിനു പിന്നിൽ സംഘടനയുടെ വിവിധ തലങ്ങളിലുള്ള ചാരിറ്റി ഫോറം ഭാരവാഹികളുടെ ഒത്തൊരുമയോടെയുള്ള ഏകോപനവും നേതൃത്വവും പ്രശംസനീയമായിരുന്നു.

ഗ്ലോബൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റഫീഖ് മരക്കാർ, ഏഷ്യാ റീജിയൻ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ റിനി സുരാജ്, നാഷണൽ ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ കബീർ റഹ്മാൻ, കേരള സ്റ്റേറ്റ് ചാരിറ്റി ഫോറം കോ-ഓർഡിനേറ്റർ സുനീർ കെ.എം. എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ സമിതികൾ ഈ സംഗമം അവിസ്മരണീയമാക്കാൻ വലിയ പങ്കുവഹിച്ചു. അതോടൊപ്പം കേരള സ്റ്റേറ്റ് കൗൺസിലിന്റെയും എറണാകുളം ഡിസ്ട്രിക്ട് കൗൺസിലിന്റെയും ശക്തമായ പിന്തുണയും പരിപാടിയുടെ വിജയത്തിന് കരുത്തേകി.

പീസ് വാലിയിലെ അന്തേവാസികൾക്കായി വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കിയതിനൊപ്പം ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിക്കലും അന്തേവാസികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. പ്രവാസി സമൂഹത്തിന്റെ സ്നേഹസമ്മാനമായി അന്തേവാസികൾക്കുള്ള ഓണക്കോടി വിതരണവും നടന്നു.

